പ്രവൃത്തി തുടങ്ങിയിട്ടുള്ള പദ്ധതികളിൽ എം.ഐ. ക്ലാസ്സ്-1 ഒരു പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല (ബാവിക്കര റെഗുലേറ്റർ). ഈ പ്രവൃത്തിയുടെ ഡിസൈനിൽ വ്യത്യാസം വരുത്തി പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചപ്പോൾ നിലവിലുള്ള കരാറിലെ ഇനങ്ങൾക്ക് വ്യത്യാസം വരികയും പുതിയ ഇനങ്ങൾ ചേർക്കേണ്ടതായും വന്നു. പുതുക്കിയ സാങ്കേതികാനുമതി പ്രകാരമുള്ള എസ്റ്റിമേറ്റിൽ വന്ന വ്യത്യാസങ്ങൾക്കുള്ള സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരൻ തയ്യാറായില്ല. അതിനാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കേണ്ടി വന്നു. 27-1-2016-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനപ്രകാരം റെഗുലേറ്ററിന്റെ ബാക്കി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പുതുക്കിയ റേറ്റിൽ തയ്യാറാക്കിവരുന്നു.

<u>ഭൂജല വകുപ്പ്</u> :

പ്രഖ്യാപിച്ച പദ്ധതികളിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൽപ്പെട്ട ചില പ്രവൃത്തികൾ സമയപരിധി മൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

<u>ജലനിധി</u> :

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ (2012-2017) ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 10 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ഏറ്റെടുത്ത എല്ലാ പദ്ധതികളും പദ്ധതി കാലയളവിനുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലാശയങ്ങളും കുളങ്ങളും ഉപയോഗയോഗ്യമാക്കൽ

157 (2437) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികന്നുപോകുന്ന ജലാശയങ്ങളും കുളങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഓരോ ബഡ്ജറ്റിലും എത്ര വീതം തുക വകകൊള്ളിച്ചിരുന്നു;

(സി) ഓരോ വർഷവും എത്ര കുളങ്ങൾ ഉപയോഗയോഗ്യമാക്കി; അവ എവിടെയെല്ലാമെന്നും അതിനായി പ്രതിവർഷം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലാശയങ്ങളും കുളങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി
2. റിപ്പെയർ, റിനൊവേഷൻ, റെസ്റ്റോറേഷൻ സ്കീം

(ബി) ജലാശയങ്ങളും കുളങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനായി ഓരോ ബഡ്ജറ്റിലും വകകൊള്ളിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം		ബഡ്ജറ്റ് പ്രൊവിഷൻ
1. 2011-2012	-	2289.00 ലക്ഷം
2. 2012-2013	-	3500.00 ലക്ഷം
3. 2013-2014	-	500.00 ലക്ഷം
4. 2014-2015	-	ഇല്ല
5. 2015-2016	-	ഇല്ല

(സി) വിവരം ശേഖരിച്ചുവരുന്നു.

ജലാശയങ്ങളുടെ കയ്യേറ്റം

158 (2438) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളെ കൈയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാം; ഇവയെ റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളെയും കൈയ്യേറ്റത്തിൽ നിന്നും വീണ്ടെടുത്തും റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂജല റീചാർജ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ സംരംഭത്തിനായി ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

GPM. 2/236/2020-33

LIBRARY ARCHIVES Kerala Legislative Assembly